എസി.എച്ച്/2026 07.07.2026

# കേരള സർവകലാശാല

## ഒന്നാം വർഷ ബി.എഡ് പ്രവേശനം– 2026

## രണ്ടാം ഘട്ട അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

## കോളേജ് പ്രവേശനം ജൂലൈ 8,9 തീയതികളിൽ

- ❖ കേരള സർവകലാശാലയുടെ 2026 – 27 അധ്യയന വർഷത്തിലെ ബി.എഡ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് (https://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

- ❖ അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

- ❖ അലോട്ട്മെന്റ് ലഭിച്ചവർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് **"Click here for Payment"** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്.

- ❖ അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി സർവകലാശാല അഡ്മിഷൻ ഫീസ് അടച്ച അപേക്ഷകർക്ക് അവരുടെ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജ് ,കോഴ്സ് , കാറ്റഗറി , അഡ്മിഷൻ തീയതി തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

- ❖ അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം

കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

- ❖ ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക്, മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. ജൂലൈ 9 ന് അകം പുതിയ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്.

- ❖ താൽക്കാലിക അഡ്മിഷൻ ( Temporary Admission ) സൗകര്യം രണ്ടാം ഘട്ട അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (ടി സി ഉൾപ്പെടെ) കോളേജിൽ സമർപ്പിക്കേണ്ടതാണ്.

- ❖ നിലവിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്തവർ രണ്ടാം ഘട്ട അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഇപ്രകാരം താൽക്കാലിക അഡ്മിഷൻ എടുത്തവർക്ക് സ്ഥിര അഡ്മിഷനിലേക്ക് മാറുന്നതിനുള്ള

അവസാന തീയതി ജൂലൈ 9 ആണ്. അതിനുള്ളിൽ സ്ഥിര അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ നഷ്ടപ്പെടുന്നതാണ്.

- രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്ഥിര അഡ്മിഷൻ എടുക്കുന്നവർക്കും, താല്പര്യമുള്ളപക്ഷം തുടർന്ന് വരുന്ന സപ്ലിമെന്ററി അലോട്മെന്റിൽ പുതുതായി ഓപ്ഷനുകൾ സമർപ്പിച്ച് പങ്കെടുക്കാവുന്നതാണ്.

**രജിസ്ട്രാർ**